പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1753

07.03.2018 ൽ മറുപടിക്ക്

## പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എസ്.ശർമ്മ<br>,, എ. എൻ. ഷംസീർ<br>,, കെ.ഡി. പ്രസേനൻ<br>,, പുരുഷൻ കടലുണ്ടി | | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
| (എ) | പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതിയിൽ എത്ര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നും പദ്ധതി നടത്തിപ്പിനായി നടപ്പ് സാമ്പത്തിക വർഷം എത്ര രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നതെന്നും വ്യക്തമാക്കുമോ; | (എ) | പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുന്ന പദ്ധതിയിൽ നിലവിൽ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിലേക്കായി അടിസ്ഥാന ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി 2017-18 ബഡ്ജറ്റിൽ വകയിരുത്തിയ തുകയായ 23 കോടിയ്ക്ക് ഭരണാനുമതി ലഭ്യമാവുകയും ടി പ്രവൃത്തികൾ എൻ.എച്ച്.എം. വഴി അംഗീകൃത ഏജൻസികൾ മുഖാന്തിരം നടന്നു വരുകയും ചെയ്യുന്നു. ലബോറട്ടറി സൗകര്യം ഏർപ്പെടുത്തിയിട്ടില്ലാത്ത് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ (എഫ്.എച്ച്.സി.കൾ ആക്കി ഉയർത്തിയവയിൽ) ലാബ് സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടികളും പൂർത്തിയായി വരുന്നു. |
| (ബി) | ഇതിന്റെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ എന്തെല്ലാം ചികിത്സാ സൗകര്യങ്ങളാണ് കൂടുതലായി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; | (ബി) | തിരഞ്ഞെടുക്കപ്പെട്ട പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടറൈസ്ഡ് ഒ.പി.രജിസ്ട്രേഷൻ. രോഗികൾക്ക് |

| | | | |
|---|---|---|---|
| | | | മെച്ചപ്പെട്ട ഇരിപ്പിട സൗകര്യങ്ങൾ, ആരോഗ്യ കേന്ദ്രത്തിലേക്ക് ആവശ്യമായ സൈനേജുകൾ, സ്വകാര്യതയോടുകൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ, നഴ്സിംഗ് കൗൺസിലിംഗ്, പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം എന്നിവ ക്രമീകരിക്കുന്നതിന്റെ നടപടികൾ പൂർത്തിയായി വരുന്നു. ഇരു പ്രകാരം റഫറൽ സംവിധാനം ശക്തിപ്പെടുത്തുകയും വെർച്വൽ ക്യൂ സംവിധാനത്തിലൂടെ തിരക്ക് ഒഴിവാക്കുകയും, രോഗിയുടെ ആരോഗ്യ റിക്കാർഡുകൾ ഇ-ഹെൽത്ത് പ്രോഗ്രാമുമായി ബന്ധപ്പെട്ട് ഡിജിറ്റലൈസ് ചെയ്യുക, ആധുനിക പരിശോധന സമ്പ്രദായങ്ങൾ ഉറപ്പാക്കുക. ചികിത്സാ മാർഗ്ഗരേഖ പ്രകാരം ചികിത്സ ലഭ്യമാക്കുക എന്നീ സേവനങ്ങൾ ഈ കേന്ദ്രങ്ങളിൽ ലഭ്യമാകുന്നതാണ്. |
| (സി) | പരിശോധനാ സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി ലബോറട്ടറികൾ സജ്ജമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഇതിനായി എത്ര രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ? | (സി) | പരിശോധന സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി തെരെഞ്ഞെടുക്കപ്പെട്ട പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ നിലവിൽ ലാബ് സൗകര്യമില്ലാത്ത പി.എച്ച്.സി.കളിൽ ലാബ് സൗകര്യം ഏർപ്പെടുത്തുന്നതിലേക്കായി 2017-18 ബഡ്ജറ്റിൽ 7 കോടി രൂപ വകയിരുത്തുകയും ഭരണാനുമതി ലഭ്യമാക്കുകയും 5 കോടിയ്ക്ക് ലാബ് ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ കെ.എം.എസ്.സി.എൽ വഴി നടന്നു വരികയും ചെയ്യുന്നു. വരും വർഷങ്ങളിൽ കൂടുതൽ പി.എച്ച്.സി.കളിൽ ലാബ് സൗകര്യം ഏർപ്പെടുത്തുന്നതിനായി 2018-19 സംസ്ഥാന ബഡ്ജറ്റിൽ 8 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ